# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ
## ബാംഗ്ലൂർ ഭദ്രാസന ഇടവകയുടെ സഹായ മെത്രാപ്പോലീത്ത
## ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്നും

C. No. 12/2025


*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരെ, തിരുപിറവിയുടെ ഓർമ്മകളിലേക്ക് നാം പ്രവേശിക്കുകയാണ്. ഡിസംബർ മാസം 1 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ പരിശുദ്ധ സഭ യൽദോ നോമ്പ് ആചരിക്കുന്നു. ലോക രക്ഷകനായ ക്രിസ്തു മനുഷ്യനായി ഭൂമിയിൽ പിറന്നതിന്റെ സ്മരണ പുതുക്കുവാൻ ഈ നാളുകളിൽ പ്രാർത്ഥനയിലും ഉപവാസത്തിലും വേദപഠനങ്ങളിലും ദാനധർമ്മങ്ങളിലും നമുക്ക് ആയിരിക്കാം. വിശുദ്ധിയോടെ നമ്മുടെ കർത്താവിന്റെ ജനനപെരുന്നാൾ കൊണ്ടാടുവാൻ നമുക്ക് ഒരുങ്ങാം. ക്രിസ്തുമസിന്റെ എല്ലാ പ്രാർത്ഥനകളും ആശംസകളും അറിയിക്കുന്നു.

വീണ്ടും പ്രിയരെ, ഭദ്രാസന മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായ നമ്മുടെ ആന്ധ്ര മിഷന്റെ പ്രവർത്തനങ്ങൾ 2002-ൽ ആരംഭിക്കുകയും ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി മേഴ്സി ഹോം (Differently Abled Children's Home) കൈത്തൊഴിൽ പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ 2015 വരെ നടത്തിവന്നിരുന്നു. ഭദ്രാസന പൊതുയോഗ തീരുമാനപ്രകാരം, 2024-ൽ പുനരാരംഭിച്ച ഏലൂർ മിഷൻ കേന്ദ്രത്തിൽ വാർദ്ധക്യ അവസ്ഥയിൽ സംരക്ഷിക്കാൻ ആരോരുമില്ലാത്ത സ്ത്രീകളെ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. നിലവിൽ 4 അന്തേവാസികൾ ഉണ്ട്. ഭദ്രാസന പൊതുയോഗ തീരമാനപ്രകാരം ആന്ധ്ര മിഷൻ പ്രവർത്തനങ്ങൾ വിപുലീകരിക്കത്തക്ക രീതിയിൽ ആഗ്രഹിക്കുന്നു. അതിനോട് അനുബന്ധമായി നമ്മുടെ സ്ഥലത്തോട് ചേർന്ന് കിടക്കുന്ന സ്ഥലം വാങ്ങുന്നതിലേക്കായി ഏകദേശം 22 ലക്ഷം രൂപയോളം സമാഹരിക്കേണ്ടതായിട്ടുണ്ട്. ഈ പണം കണ്ടെത്തുന്നതിനായും അവിടുത്തെ തുടർപ്രവർത്തനങ്ങളുടെ ധനസമാഹരണത്തിനുവേണ്ടി 1000/- രൂപ നിരക്കിൽ ഒരു കൂപ്പൺ ക്രമീകരിക്കുകയാണ്. ബാംഗ്ലൂർ ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും ഈ കൂപ്പൺ നൽകുകയും ഇടവകതലത്തിൽ വികാരിമാരുടെയും മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെയും നേതൃത്വത്തിൽ ഭദ്രാസന പ്രതിനിധികളുടെ ചുമതലയിൽ കഴിയാവുന്നത്ര കൂപ്പണുകൾ നല്കി 2026 മാർച്ച് മാസം 15-ാം തീയതിയോടുകൂടി ധനസമാഹരണം പൂർത്തീകരിച്ച് മാർച്ച് മാസം 31-ാം തീയതിക്ക് മുമ്പായി ഭദ്രാസന കേന്ദ്രത്തിൽ, ഇന്ത്യൻ ഓർത്തഡോക്സ് ബാംഗ്ലൂർ ഡയോസിസ് (IOBD) ചാരിറ്റി അക്കൗണ്ടിൽ അടയ്ക്കേണ്ടതുമാണ്. ലഭ്യമാകുന്ന തുക ആന്ധ്ര മിഷൻ പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് ഉപയോഗിക്കുന്നതുമാണ്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് അറിയിക്കുന്നു.

| | | | |
|---|---|---|---|
| **Account Name** | **: IOBD Charitable Trust** | | |
| **Account No** | **: 38478930372** | **Bank** | **: State Bank of India** |
| **Branch** | **: Kothannur** | **IFSC** | **: SBIN0017734** |

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*



**ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത**

2025 നവംബർ മാസം 22-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും